പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3583 | 20/06/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഇരിങ്ങാലക്കട താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണത്തിന്റെ രണ്ടാം ഘട്ടം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇരിങ്ങാലക്കട താലൂക്ക് ആശുപത്രിയുടെ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | എ) | 2018-19 സാമ്പത്തിക വർഷത്തിൽ മേജർ കൺസ്ട്രക്ഷൻ അണ്ടർ ഡി.എച്ച്.എസ് എന്ന പദ്ധതിയിലേക്കായി 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി ഏകദേശം 61 കോടി രൂപയുടെ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ളതിനാൽ ലഭ്യമായ എല്ലാ പ്രൊപ്പോസലുകളും ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതുകൊണ്ട് ഇരിങ്ങാലക്കട താലൂക്ക് ആശുപത്രിയിൽ നിന്നും ലഭ്യമായ 11.50 കോടി രൂപയുടെ പ്രൊപ്പോസലിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിക്കാനുള്ള തുക വകയിരുത്തികൊണ്ടുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുകയാണ്. |
| ബി) | ഇരിങ്ങാലക്കട താലൂക്ക് ആശുപത്രിയിൽ ഒരു കീമോതെറാപ്പി യൂണിറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ; | ബി) | തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിലും, വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലും കീമോതെറാപ്പിയൂണിറ്റ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്നു. ഓരോ സാമ്പത്തിക വർഷവും രണ്ട് പുതിയ കീമോതെറാപ്പി സെന്ററുകളാണ് ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ സജ്ജീകരിച്ച് വരുന്നത്. ഇരിങ്ങാലക്കട ആശുപത്രിയിൽ നിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇവിടെ ക്യാൻസർ കെയർ യൂണിറ്റ് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഇരിങ്ങാലക്കട താലൂക്ക് ആശുപത്രിയിൽ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റ് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | സി) | ഇരിങ്ങാലക്കട താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 20.03.2018 ലെ ഡി- 819/2018 എന്ന കത്ത് പ്രകാരം ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണത്തിനും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 4,49,36,663/- രൂപയുടെ പ്രൊപ്പോസൽ 2018-2019 സാമ്പത്തികവർഷത്തിലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ